(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്രയാളുകളെ നിയമിച്ചു;

(സി) ആരേയും നിയമിച്ചിട്ടില്ലായെങ്കിൽ അതിനുള്ള കാരണമെന്ത്;

(ഡി) റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) വ്യവസായ വകുപ്പിൽ നിന്ന് പ്രൊമോഷൻ വഴി എത്രയാളുകളെ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ആഫീസർ ആയി നിയമിച്ചു;

(എഫ്) പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് എത്ര ശതമാനം തസ്തികകളാണ് നിശ്ചയിച്ചിട്ടുള്ളത്;

(ജി) ഈ വ്യവസ്ഥ പാലിച്ചുകൊണ്ടാണോ പ്രൊമോഷൻ വഴി നിയമനം നടത്തിയിട്ടുള്ളത്; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒഴിവുകൾ ഒന്നും നിലവിലില്ല.

(ബി) നിയമനം നടത്തിയിട്ടില്ല.

(സി) നിയമനം നടത്തുന്നതിൽ ഹൈക്കോടതി നിർദ്ദേശം തടസ്സമുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) 190 പേരെ നിയമിച്ചിട്ടുണ്ട്.

(എഫ്) മൊത്തം ഒഴിവുകളുടെ 70% പ്രൊമോഷൻ വഴിയാണ് നികത്തുന്നത്.

(ജി) പി.എസ്.സി. വഴി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് കോടതി വിലക്കുള്ളതിനാൽ വ്യവസ്ഥ പാലിക്കുന്നതിന് സാധിച്ചിട്ടില്ല.

കെ. എസ്. ഐ. ഇ., കിൻഫ്ര., കെ. എസ്. ഐ. ഡി. സി., ടെക്നോപാർക്ക് എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

38 [3046] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള കെ. എസ്. ഐ. ഇ., കിൻഫ്ര., കെ. എസ്. ഐ. ഡി. സി., ടെക്നോപാർക്ക് എന്നീ സ്ഥാപനങ്ങളിൽ ക്ലാസ് 1, 2 വിഭാഗത്തിൽ ഏതെല്ലാം തസ്തികകളാണ് നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തസ്തികകളിലെ നിയമനം എങ്ങനെയാണ് നടത്തുന്നത്; അവരിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലും മുസ്ലീം വിഭാഗങ്ങളിലുമായി എത്ര പേരുണ്ട് എന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിൽ സംവരണതത്വം അനുസരിച്ചാണോ നിയമനം നടത്തുന്നത്;

(ഡി) 2003 ജനുവരിയിൽ മുഖ്യമന്ത്രിയുടെ റിവ്യൂ മീറ്റിങ്ങിൽ സംവരണ പ്രശ്നത്തെക്കുറിച്ചുള്ള തീരുമാനത്തിന്മേൽ എന്ത് നടപടിയെടുത്തു?

ഉത്തരം

(എ) ഓരോ കമ്പനിയിലും നിലവിലുള്ള തസ്തികകൾ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

കെ.എസ്.ഐ.ഇ.

ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, അസിസ്റ്റന്റ് ജനറൽ മാനേജർ, അസിസ്റ്റന്റ് മാനേജർ, എക്സിക്യൂട്ടീവ്.

കിൻഫ്ര

ജനറൽ മാനേജർ, മാനേജർ, ഡെപ്യൂട്ടി മാനേജർ, അസിസ്റ്റന്റ് മാനേജർ, ജൂനിയർ മാനേജർ.

കെ.എസ്.ഐ.ഡി.സി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ/അസിസ്റ്റന്റ് ജനറൽ മാനേജർ, മാനേജർ, ഡെപ്യൂട്ടി മാനേജർ/അസിസ്റ്റന്റ് മാനേജർ.

ടെക്നോപാർക്ക്

സി.ഇ.ഒ., ജനറൽ മാനേജർ, അസിസ്റ്റന്റ് ജനറൽ മാനേജർ, മാനേജർ, (ബിസിനസ് ഡെവലപ്മെന്റ്), പ്രോജക്ട് മാനേജർ, ഫിനാൻസ്-കൺട്രോളർ, സീനിയർ ലൈബ്രേറിയൻ, അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ.

(ബി) കെ. എസ്. ഐ. ഇ., കിൻഫ്ര., കെ. എസ്. ഐ. ഡി. സി. എന്നിവയിൽ നിലവിലുള്ള ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിച്ച് നേരിട്ടുള്ള നിയമനമാണ് നടത്തുന്നത്. എന്നാൽ ടെക്നോപാർക്കിൽ കരാർ അടിസ്ഥാനത്തിൽ ആണ് നിയമനം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, മുസ്ലീം വിഭാഗങ്ങൾ എന്നിവരുടെ തരംതിരിച്ചുള്ള വിവരം അനുബന്ധമായി കൊടുക്കുന്നു.†

(സി) ഉയർന്ന ബിരുദം, സാങ്കേതിക വൈദഗ്ദ്ധ്യം എന്നിവ മാനദണ്ഡമാക്കി നടക്കുന്ന കരാർ അടിസ്ഥാനത്തിലെ നിയമനങ്ങളിൽ സംവരണ വ്യവസ്ഥ പാലിച്ചിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

വ്യാവസായിക രംഗത്ത് വനിതകളുടെ മുന്നേറ്റം

39 [3047] ശ്രീ. എൻ. ശക്തൻ:

,, വി. ഡി. സതീശൻ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, സി. പി. മുഹമ്മദ്:

,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക രംഗത്ത് വനിതകളുടെ മുന്നേറ്റത്തിന് സഹായകരമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങളുടെ നായകത്വം വഹിക്കുന്ന എത്ര വനിതകളുണ്ട്;

(സി) വൻകിട വ്യവസായങ്ങളുടെ കാര്യത്തിൽ നായകത്വം വഹിക്കുന്ന എത്ര വനിതകളുണ്ട്;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്തു എത്ര വനിതകളുണ്ട്;

(ഇ) ഇവയുടെ തലവൻമാരായി വനിതകളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനിതാവ്യവസായ യൂണിറ്റുകളെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി താഴെ പറയുന്ന സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു. സർക്കാർ വകുപ്പുകൾക്കും സർക്കാർ ഉടമയിലുള്ള സ്ഥാപനങ്ങൾക്കും ആവശ്യമായ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള ടെണ്ടർ പരിഗണിക്കുമ്പോൾ 15% പ്രൈസ് പ്രിഫറൻസ് നൽകുന്നു. ടെണ്ടറുകൾ സമർപ്പിക്കുന്നതിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നു. വ്യവസായ സ്ഥാപനങ്ങൾക്ക് പൊതുവായ

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly